**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2541** **23-02-2026 - ൽ മറുപടിയ്ക്ക്**

**കയർഫെഡിലെ എൽ.ഡി. ക്ലാർക്ക് നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർഫെഡിൽ എൽ. ഡി. ക്ലാർക്ക് നിയമനങ്ങൾ പി.എസ്.സി. മുഖാന്തരമാണോ നടത്തുന്നത്; വ്യക്തമാക്കുമോ; എങ്കിൽ നിയമനങ്ങൾ പി. എസ്. സി.ക്ക് വിട്ടിട്ടുള്ളത് എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ; | (എ) | കയർഫെഡിൽ എൽ.ഡി.ക്ലാർക്ക് നിയമനങ്ങൾ പി.എസ്.സി മുഖാന്തിരമാണ് നടത്തുന്നത്. കയർഫെഡിലെ നിയമനങ്ങൾ 1995 മുതൽ പ്രാബല്യത്തിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തുകൊണ്ട് ഉത്തരവായിരുന്നുവെങ്കിലും ടി റിക്രൂട്ട്മെന്റിന് ആവശ്യമായ നിയമനങ്ങൾക്ക് അംഗീകാരം ലഭിച്ചത് 08.11.2017 തീയതിയിലെ ജി.ഒ (പി)നം..32/2017/IND ഉത്തരവ് പ്രകാരം മാത്രമാണ്. |
| (ബി) | നിലവിൽ പി. എസ്. സി. വഴി നിയമനത്തിനായി എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ജനറൽ കാറ്റഗറിക്കും സൊസൈറ്റി കാറ്റഗറിക്കും പ്രത്യേകം ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | പി.എസ്.സി വഴി നിയമനത്തിനായി എൽ.ഡി.ക്ലർക്ക് തസ്തികയിൽ ജനറൽ കാറ്റഗറിക്കും സൊസൈറ്റി കാറ്റഗറിക്കും പ്രത്യേകം ലിസ്റ്റ് നിലവിലുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി 2026 മാർച്ച് മാസത്തിൽ അവസാനിക്കുന്നതാണ്. |
| (സി) | കാറ്റഗറി നമ്പർ 70/2021 (ലോവർ ഡിവിഷൻ ക്ലാർക്ക് പാർട്ട് II, സൊസൈറ്റി കാറ്റഗറി)-ൽ നിയമനങ്ങൾക്കായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഇതിൽനിന്ന് എത്രപേർക്ക് നിയമനം ഇതുവരെ നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ; | (സി) | കയർഫെഡിൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ ആകെ 11 ഒഴിവുകളാണ് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നത്. അതിൽ 50% ജനറൽ കാറ്റഗറിയ്ക്കും 50% സൊസൈറ്റി കാറ്റഗറിയിലേക്കുമാണ് സംവരണം ചെയ്തിട്ടുള്ളത് . ആയതിൻപ്രകാരം 70/2021 റാങ്ക് ലിസ്റ്റിൽ നിന്ന് രണ്ട് പേർ 04/09/2023 തീയതിയിൽ സർവ്വീസിൽ പ്രവേശിക്കുകയും, ബാക്കിയുള്ള മൂന്ന് ഒഴിവുകൾ റാങ്ക് ലിസ്റ്റിൽ നിന്ന് ഒരു ഒഴിവ് SC , ഒരു ഒഴിവ് E/B/T, ഒരു ഒഴിവ് DA LV എന്നിവ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ നിന്നും തന്നെ NCA ഒഴിവുകൾക്കായി മാറ്റി വയ്ക്കപ്പെട്ടിട്ടുള്ളതാണ് . ടി ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാൽ ആരുംതന്നെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ കയർഫെഡിൽ എൽ. ഡി. ക്ലർക്ക് തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; ഈ ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അറിയിക്കുമോ; | (ഡി) | നിലവിൽ 34 ഒഴിവുകൾ ഉണ്ട്. ടി ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഇ) | നിലവിൽ കയർഫെഡിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ആളുകൾ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ ഇത്തരത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ; | (ഇ) | നിലവിൽ കയർഫെഡിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ കരാറടിസ്ഥാനത്തിൽ 11 പേർ ജോലി ചെയ്യുന്നുണ്ട് . |
| (എഫ്) | കയർഫെഡിൽ താൽക്കാലിക അടിസ്ഥാനത്തിൽ ആളുകൾ ജോലി ചെയ്യുന്നുണ്ടെങ്കിൽ ഈ ഒഴിവുകൾ പി.എസ്.സി.ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എഫ്) | കയർഫെഡിന് നിലവിൽ ആവശ്യമുള്ള ജീവനക്കാരുടെ എണ്ണവും സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിച്ച് പഠനം നടത്തുന്നതിന് കേരള പ്രൊഡക്ടിവിറ്റി കൗൺസിലിനെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല , സർവീസ് കാറ്റഗറി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർ നിയമനത്തിനായി ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ അന്തിമ വിധിക്കനുസരിച്ച് മാത്രം കയർ ഫെഡിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് 19/02/2026 തീയതിയിലെ കയർഫെഡ് ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ